കോർ ഓഫ് ദ കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്.

കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുമ്പ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു.

ഓപ്ഷണൽ ഗണം: ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* 2015-16 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കുപ്രകാരം 1806 കോടി രൂപയുടെ അധിക ബാദ്ധ്യതയാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതത്തിൽ വന്ന മാറ്റംമൂലം സംസ്ഥാനത്തിനുണ്ടായത്. ഈ അധിക ബാദ്ധ്യതയിൽ, തുടർവർഷങ്ങളിൽ കേന്ദ്രസർക്കാർ കോർ സ്കീമുകളുടെ പട്ടികയിൽ കൂടുതൽ പദ്ധതികളെ ഉൾപ്പെടുത്തിയത് ആനുപാതികമായ വർദ്ധനവിന് കാരണമായിട്ടുണ്ട്.

## ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുക

13(5164) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ കമ്മീഷൻ 2021-22 വർഷത്തിൽ ഗ്രാന്റിനത്തിൽ എത്ര കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷം 15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് ശിപാർശ ചെയ്തിട്ടുള്ള മൊത്തം ഗ്രാന്റ് തുകയായ 2354 കോടി രൂപയിൽ കേന്ദ്രസർക്കാർ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച ഒന്നാം ഗഡു ബേസിക് ഗ്രാന്റ് തുകയായ 240.60 കോടി രൂപ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഗ്രാന്റിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ എത്ര കോടി രൂപയുടെ കുറവ് 2021-22 വർഷത്തിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം പ്രാദേശിക സർക്കാരുകൾക്കുള്ള ധനകാര്യ കമ്മീഷൻ തുക കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 58 കോടി രൂപയുടെ കുറവ് തനതുവർഷം ഉണ്ടായിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 559 കോടി രൂപ ആരോഗ്യ കേന്ദ്രങ്ങൾക്കുള്ള ഹെൽത്ത് ഗ്രാന്റ് ആണ്. ഇത് ആരോഗ്യ കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള പ്രത്യേകാവശ്യ ഗ്രാന്റാണ്. ഇത് എല്ലാ പ്രാദേശിക സർക്കാരുകൾക്കും ലഭിക്കണമെന്നില്ല.

(സി) ധനകാര്യകമ്മീഷൻ പ്രത്യേക ഉദ്ദേശ ഗ്രാന്റിൽ കുടിവെള്ളം, ശുചിത്വം എന്നിവയ്ക്കുപുറമെ കൂടുതൽ മേഖലകളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രത്യേക ഉദ്ദേശ ഗ്രാന്റിൽ 15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡപ്രകാരമുള്ള മേഖലകൾക്ക് മാത്രമേ ടി തുക ചെലവഴിക്കാനാകുകയുള്ളൂ. പുതിയ മേഖലകൾക്കായി ഫണ്ട് അനുവദിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല.

**ധനപരമായ നടപടിക്രമങ്ങളുടെ സങ്കീർണ്ണത**

14(5165) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനപരമായ നടപടിക്രമങ്ങളുടെ സങ്കീർണ്ണത കാരണം പദ്ധതികളും പ്ലാനുകളും അനന്തമായി നീളുകയും പദ്ധതിച്ചെലവുകൾ ഉയരുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിന് വിശദവും കൃത്യവുമായ സ്കീമുകൾ തയ്യാറാക്കി അംഗീകാരം നൽകുന്ന നടപടികൾക്ക് രൂപം നൽകുമോ;

(ബി) നിലവിലെ സാമ്പത്തിക നടപടിക്രമങ്ങൾ സംബന്ധിച്ച് കൃത്യമായ പഠനം നടത്തി ആവശ്യമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി Working Group - കളുടെ സാമ്പത്തികാധികാര

LIBRARY ARCHIVES Kerala Legislative Assembly